**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

എസ്.എച്ച്.കോളേജ്, തേവര (സ്വയംഭരണം) - M.Sc. Aquaculture & Fish Processing (SF) പ്രോഗ്രാമിന് 2020-'21 വർഷത്തേക്ക് മാത്രമായി അധിക സീറ്റ് വർദ്ധനവ് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5289/AC B 7/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 10.11.2020

---

*പരാമർശം:*-1) 11/06/2020-ലെ 17799/ACA1-3/2020/ACA1 നമ്പർ വിജ്ഞാപനം.
2) 09/07/2020-ലെ 17799/ACA1-3/2020/ACA1 നമ്പർ വിജ്ഞാപനം.
3) 30/10/2020-ലെ 5027/ACB7/2020/എം.ജി.യു നമ്പർ ഉത്തരവ്.
4) തേവര എസ് .എച് കോളേജ് പ്രിൻസിപ്പൽ 23/10/2020-തീയതിയിൽ നൽകിയ 10/4-A/2020- 21/Acad - Adm നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2020-'21 അധ്യയന വർഷം നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനായി പരാമർശം-1 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ ടി വിജ്ഞാപന പ്രകാരം തേവര എസ്.എച്ച്കോളേജ് അപേക്ഷ സമർപ്പിച്ചിരുന്നില്ല. പിന്നീട് പരാമർശം-2 വിജ്ഞാപന പ്രകാരം നാമമാത്ര സീറ്റ് വർദ്ധനവിന് ശേഷവും സീറ്റുകൾ ആവശ്യമുള്ള കൊളേജുകളിൽ നിന്നും പ്രോഗ്രാം ഒന്നിന് 7500/- രൂപ ഈടാക്കിക്കൊണ്ട് 2020-'21 അധ്യയന വർഷത്തേക്ക് മാത്രമായി ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റ് വരെയും, സയൻസ് വിഷയങ്ങളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 25 സീറ്റ് വരെയും, ആർട്സ്-കോമേഴ്സ് എന്നീ വിഷയങ്ങളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 30 സീറ്റ് വരെയും വർദ്ധനവ് അനുവദിക്കുന്നതിനു അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തേവര എസ്.എച്ച്.കോളേജിൽ നടത്തിവരുന്ന Master of Communication & Journalism (SF) പ്രോഗ്രാമിന് അധിക സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിഗണിച്ചുകൊണ്ട് എസ്.എച്ച്.കോളേജിൽ നടത്തിവരുന്ന Master of Communication & Journalism (SF) പ്രോഗ്രാമിന് 2020-'21 വർഷത്തേക്ക് മാത്രമായി അധിക സീറ്റ് വർധവ് അനുവദിച്ചുകൊണ്ട് പരാമർശം-3 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

പരാമർശം-2 വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി കോളേജിൽ നടത്തിവരുന്ന M.Sc. Aquaculture & Fish Processing (SF) പ്രോഗ്രാമിന് കൂടി 2020-'21 വർഷത്തേക്ക് മാത്രമായി അധിക സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഫീസും 500/- രൂപ പിഴയും അടച്ച് പരാമർശം-4 പ്രകാരം പ്രിൻസിപ്പൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത അപേക്ഷ പരിഗണിച്ചുകൊണ്ട് സ്വയംഭരണ കോളേജായ തേവര എസ്.എച്ച്.കോളേജിൽ നടത്തിവരുന്ന M.Sc. Aquaculture & Fish Processing (SF) പ്രോഗ്രാമിന് താഴെ സൂചിപ്പിക്കുന്ന രീതിയിൽ 2020-'21 വർഷത്തേക്ക് മാത്രമായി അധിക സീറ്റ് വർധവ് അനുവദിക്കുന്നതിന് ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

Draft #3 of File 44129/AC B7-2/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-Nov-2020 07:18 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| Sl.No. | Programme Name | Sanctioned Strength | Total No. of Seats requested by the College | Total no. of seats approved for the year 2020-'21 |
|---|---|---|---|---|
| 1 | M.Sc. Aquaculture & Fish Processing (SF) | 20 | 30 | 25 |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ, എസ്.എച്ച്. കോളേജ്, തേവര
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV(അക്കാദമിക്) /അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. ഏസി.സി. സെക്ഷൻ
9. പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെൽ/ ഐ.ക്യു.എ.സി.
10. ഇ.ഐ.36 സെക്ഷൻ
11. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 44129/AC B7-2/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-Nov-2020 07:18 PM - Page 2